# കേരള കാർഷികസർവകലാശാല

## പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം പിലിക്കോട്

കാസറഗോഡ്-671310, 0467 226 0632, rarspil@kau.in


**ബി2-791/2025 (ii)** **തീയതി: 25.02.2025**

## ദർഘാസ് പരസ്യം

പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലേക്ക് **ഡ്രെയിനേജ് പൈപ്പ് (കോൺക്രീറ്റ്)** വിതരണം ചെയ്യുന്നതിന് മുദ്രവെച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

| | |
|---|---|
| ദർഘാസ് പരസ്യ നമ്പർ | **ബി2-791/2025 (ii)** |
| ദർഘാസ് സ്വീകരിക്കുന്നതിനുള്ള അവസാന തീയതി | **03.03.2025, 3.00 മണി** |
| ദർഘാസ് തുറക്കുന്ന തീയതി | **03.03.2025, 3.30 മണി** |
| ദർഘാസ് കാലാവധി | **1 വർഷം** |
| ദർഘാസ് സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽ വിലാസവും | **അസോസിയേറ്റ് ഡയറക്ടർ, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട്** |
| നിരത ദ്രവ്യം | **1000/-** |
| ദർഘാസ് അടക്കം ചെയ്ത കവറിനു പുറത്ത് രേഖപ്പെടുത്തേണ്ടത്. | **"ഡ്രെയിനേജ് പൈപ്പ് (കോൺക്രീറ്റ്) വിതരണം ചെയ്യുന്നതിനുള്ള ദർഘാസ്"** |

| ഇനം | എണ്ണം |
|---|---|
| ഡ്രെയിനേജ് പൈപ്പ് (കോൺക്രീറ്റ്), 12" വ്യാസം | 35 |

**നിർദ്ദേശങ്ങൾ/ നിബന്ധനകൾ**

- പുറത്തെഴുത്ത് കൃത്യമായി രേഖപ്പെടുത്തിയ ദർഘാസ് മേൽ സൂചിപ്പിച്ച വിലാസത്തിൽ 03.03.2025 **-ന് 3.00 മണിക്ക് മുമ്പായി എത്തിക്കേണ്ടതോ 03.03.2025 -ന് 3 മണിക്ക് മുമ്പ് കേന്ദ്രത്തിൽ ലഭിക്കുന്ന വിധത്തിൽ അയക്കേണ്ടതോ ആണ്.**
- **കോൺക്രീറ്റ് ഡ്രെയിനേജ് പൈപ്പിന് ഒന്നിന് എത്ര വില എന്നത് (കേന്ദ്രത്തിൽ എത്തിച്ച് ഉദ്യോഗസ്ഥരുടെ നിർദേശപ്രകാരം ഇറക്കി നൽകുന്നതിനുള്ള നിരക്ക്) ദർഘാസിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.** രേഖപ്പെടുത്തുന്ന നിരക്കുകൾക്ക് 1 വർഷം വരെ പ്രാബല്യം ഉണ്ടായിരിക്കും.
- നിശ്ചിത സമയം കഴിഞ്ഞ് ലഭിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. കൃത്യ സമയത്ത് കിട്ടിയ ദർഘാസുകൾ അന്നേ ദിവസം 3.30 മണിക്കുതന്നെ തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ദർഘാസ് സ്വീകാര്യമാണെന്ന തോന്നിയാൽ അംഗീകരിക്കുന്നതുമായിരിക്കും.
- വിജയിയായ ദർഘാസുകാരൻ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം കോൺക്രീറ്റ് ഡ്രെയിനേജ് പൈപ്പുകൾ പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ എത്തിച്ച് കേടുപാടുകൾ കൂടാതെ ഇറക്കി നൽകേണ്ടതാണ്.
- പൈപ്പുകൾ ഇറക്കാൻ വാഹനം കേന്ദ്രത്തിൽ എത്തുമ്പോഴോ ഇറക്കി നൽകുമ്പോഴോ കേന്ദ്രത്തിലെ വസ്തുവകകൾക്ക് യാതൊരു നാശനഷ്ടവും സംഭവിക്കാൻ പാടുള്ളതല്ല. അങ്ങനെ സംഭവിച്ചാൽ അത് കരാറുകാരന്റെ ഉത്തരവാദിത്വമായിരിക്കും.

- പൈപ്പുകൾ കൊണ്ടുവരുന്ന വാഹനത്തിന്റെയും കയറ്റിറക്ക് ജോലിക്ക് നിയോഗിക്കപ്പെടുന്ന തൊഴിലാളികളുടെയും പൂർണ്ണ ഉത്തരവാദിത്വം കരാറുകാരനായിരിക്കും.
- ദർഘാസ് സ്വീകരിക്കുന്നതിനോ കാരണം കാണിക്കാതെ തള്ളിക്കളയുന്നതിനോ ഉള്ള പൂർണ്ണ അധികാരം അസോസിയേറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. സർക്കാർ ദർഘാസിന്റെ പ്രസക്തമായ എല്ലാ നിയമങ്ങളും ഇതിനും ബാധകമാണ്.
- **പൈപ്പുകൾ** തൃപ്തികരമായി സപ്ലൈ ചെയ്തതിനുശേഷം ആയതിനുള്ള ബിൽ ഹാജരാക്കിയാൽ തുക ബാങ്ക് അക്കൗണ്ടിലൂടെ നൽകുന്നതായിരിക്കും.
- ദർഘാസ് സ്വീകരിക്കുന്ന അവസാന ദിവസം ഏതെങ്കിലും കാരണവശാൽ അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ:04672260632.

ഒപ്പ്/-

ഡോ.വനജ.ടി

അസോസിയേറ്റ് ഡയറക്ടർ

സ്വീകർത്താവ്:

1. നോട്ടീസ് ബോർഡ്, ഓഫീസ്/ഫാം
2. പഞ്ചായത്ത് ഓഫീസ് പിലിക്കോട്/ചെറുവത്തൂർ, നീലേശ്വരം മുനിസിപ്പാലിറ്റി

പകർപ്പ്:

1. ഡോ.മീരമഞ്ജുഷ.എ.വി, അസിസ്റ്റന്റ് പ്രൊഫസർ, i/c ഫാം
2. ശ്രീമതി.അന്ന അൽഫോൺസ അഗസ്റ്റിൻ, അസിസ്റ്റന്റ് പ്രൊഫസർ (കരാർ)
3. വാട്ട്സപ്പ് ഗ്രൂപ്പ്

// അംഗീകാരത്തോടെ//

സെക്ഷൻ ഓഫീസർ

അസോസിയേറ്റ് ഡയറക്ടറുടെ കാര്യാലയം ഉത്തര മേഖല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം തീയ്യതി............ പിലിക്കോട്-671310